| 02-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- ഉയർന്ന പദവി നേടുന്നതിനുവേണ്ടി അച്ഛൻ നിങ്ങളെ എന്താണോ പഠിപ്പിക്കുന്നത് അതേ രീതിയിൽ ധാരണ ചെയ്യൂ, സദാ ശ്രീമതം അനുസരിച്ച് നടന്നുകൊണ്ടിരിക്കൂ.**

**ചോദ്യം-** ഒരിയ്ക്കലും വിഷമം വരാതിരിക്കാൻ ഏതൊരു കാര്യത്തെക്കുറിച്ചാണ് നല്ല രീതിയിൽ മനനം ചെയ്യേണ്ടത്?
**ഉത്തരം-** ഓരോ ആത്മാവും അഭിനയിക്കുന്ന പാർട്ട് ഡ്രാമയിൽ കൃത്യമായി അടങ്ങിയിട്ടുള്ളതാണ്. ഇത് അനാദിയും അവിനാശിയുമായ ഡ്രാമയാണ്. ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഒരിയ്ക്കലും വിഷമം ഉണ്ടാകില്ല. ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ ആരാണോ യഥാർത്ഥ രീതിയിൽ തിരിച്ചറിയാത്തത് അവരാണ് വിഷമിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ ഡ്രാമ എങ്ങനെയാണോ അതേപോലെ സാക്ഷിയായിരുന്ന് കാണണം, ഇതിൽ കരയേണ്ടതായോ പിണങ്ങേണ്ടതായോ ഉള്ള കാര്യമില്ല.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് അതായത് ആത്മാവ് എത്ര ചെറുതാണ്. ആത്മാവ് വളരെ ചെറുതാണ് എന്നാൽ ചെറിയ ആത്മാവിനേക്കാൾ ശരീരം എത്ര വലുതായാണ് കാണാൻ കഴിയുന്നത്. ഈ ചെറിയ ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ടാൽ പിന്നെ ശരീരത്തിലൂടെ ഒന്നും തന്നെ കാണാൻ സാധിക്കില്ല. ആത്മാവിനെക്കുറിച്ച് ചിന്തനം ചെയ്യണം. ഇത്രയും ചെറിയ ബിന്ദു എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്. ഭൂതക്കണ്ണാടിയിലൂടെ ചെറിയ ചെറിയ വജ്രത്തേപ്പോലും കാണാൻ സാധിക്കും. കറയൊന്നും ഇല്ലല്ലോ എന്ന് പരിശോധിക്കും. എങ്കിൽ ആത്മാവും എത്ര ചെറുതാണ്. എങ്ങനെയുള്ള ഭൂതക്കണ്ണാടി ഉപയോഗിച്ചാണ് ആത്മാവിന്റെ വാസസ്ഥാനം കാണാൻ സാധിക്കുക? ആത്മാവും ശരീരവും തമ്മിലുള്ള ബന്ധമെന്താണ്? ഈ കണ്ണുകളിലൂടെ എത്ര വലിയ ഭൂമിയും ആകാശവുമാണ് കാണാൻ കഴിയുന്നത്! അഥവാ ആത്മബിന്ദു വേറിടുകയാണെങ്കിൽ ഇതൊന്നും തന്നെ കാണാൻ സാധിക്കില്ല. എങ്ങനെയാണോ പരമാത്മാവ് ബിന്ദു അതുപോലെ ആത്മാവും ബിന്ദുവാണ്. ഇത്രയും ചെറിയ ആത്മാവാണ് പവിത്രവും അപവിത്രവുമാകുന്നത്. ഇതെല്ലാം നല്ല രീതിയിൽ ചിന്തനം ചെയ്യേണ്ട വിഷയമാണ്. ആത്മാവിനെക്കുറിച്ചും പരമാത്മാവിനെക്കുറിച്ചും മറ്റാർക്കും തന്നെ അറിയില്ല. ഇത്രയും ചെറിയ ആത്മാവ് ശരീരത്തിൽ ഇരുന്ന് എന്തെല്ലാമാണ് ചെയ്യുന്നത്, എന്തെല്ലാമാണ് കാണുന്നത്. ആ ആത്മാവിൽ 84 ജന്മങ്ങളുടെ മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ട്. ആത്മാവ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം അത്ഭുതമാണ്. ഇത്രയും ചെറിയ ബിന്ദുവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. ശരീരത്തിൽ നിന്ന് ആത്മാവ് വേർപെട്ടാൽ ശരീരം ജഡമായി. ശരീരം എത്ര വലുതാണ് എന്നാൽ ആത്മാവ് എത്ര ചെറുതാണ്. ഈ സൃഷ്ടി ചക്രം ഓരോ 5000 വർഷങ്ങൾക്കുശേഷവും ആവർത്തിക്കും എന്ന് മനുഷ്യർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കണമെന്നതിനെക്കുറിച്ച് ബാബ വളരെയധികം തവണ പറഞ്ഞു തന്നിട്ടുണ്ട്. ഇന്നയാൾ മരിച്ചു എന്നത് ഒരു പുതിയ കാര്യമൊന്നുമല്ല. അവരുടെ ആത്മാവ് ഈ ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുത്തു. 5000 വർഷങ്ങൾക്കു മുമ്പും ഇതേ നാമരൂപത്തിൽ തന്നെ ഇതേ സമയത്ത് ശരീരം ഉപേക്ഷിച്ചിരുന്നു. ഞാൻ ഒരു ശരീരം വിട്ട് മറ്റൊന്നിൽ പ്രവേശിക്കുന്നു എന്ന് ആത്മാവിന് അറിയാം.

ഇപ്പോൾ നിങ്ങൾ ശിവജയന്തി ആഘോഷിക്കുന്നു. 5000 വർഷങ്ങൾക്കു മുമ്പും ശിവജയന്തി ആഘോഷിച്ചിരുന്നു. വജ്രതുല്യമായ ശിവജയന്തി ഓരോ 5000 വർഷങ്ങൾക്കുശേഷവും ആഘോഷിച്ചു വന്നു. ഇത് സത്യമായ കാര്യമാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ വിചാരസാഗര മഥനം ചെയ്യേണ്ടതുണ്ട്. ഏത് ഉത്സവം ആഘോഷിക്കുകയാണെങ്കിലും നിങ്ങൾക്കറിയാം ഇത് പുതിയ കാര്യമല്ല, ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കും 5000 വർഷങ്ങൾക്കു ശേഷവും ഏതെല്ലാം പാർട്ട്ധാരികളുണ്ടോ അവർ അവരവരുടേതായ ശരീരം വീണ്ടും എടുക്കും. ഓരോ നാമ രൂപ കാല ദേശത്തെയും ഉപേക്ഷിച്ച് മറ്റൊന്ന് മാറ്റിയെടുക്കുന്നു. ഇതിനെക്കുറിച്ച് വിചാരസാഗര മഥനം ചെയ്ത്, മനുഷ്യർക്ക് അത്ഭുതം തോന്നുന്ന രീതിയിൽ എഴുതണം. കുട്ടികളോട് ബാബ ചോദിക്കാറുണ്ടല്ലോ- ഇതിനുമുമ്പ് എപ്പോഴാണ് ബാബയുമായി മിലനം ചെയ്തത്? ഇത്രയും ചെറിയ ആത്മാവിനോടുതന്നെയാണ് ചോദിക്കുന്നത്. നിങ്ങൾ ഇതേ നാമ രൂപ കാല ദേശത്തിൽ മുമ്പ് എപ്പോഴാണ് കണ്ടുമുട്ടിയത്? ആത്മാവ് തന്നെയാണ് ഇത് കേട്ടത്. അപ്പോൾ വളരെയധികം പേർ പറയും അതേ ബാബാ, ഞങ്ങൾ അങ്ങുമായി കല്പം മുമ്പും മിലനം നടത്തിയിരുന്നു. ഡ്രാമയുടെ മുഴുവൻ പാർട്ടും ബുദ്ധിയിലുണ്ട്. പരിധിയുള്ള നാടകത്തിലെ അഭിനേതാക്കളുണ്ട്. ഇത് പരിധിയില്ലാത്ത നാടകമാണ്. ഈ നാടകം വളരെ കൃത്യമാണ്, ഇതിൽ അല്പം പോലും വ്യത്യാസമുണ്ടാവുക സാധ്യമല്ല.

മറ്റു സിനിമകൾ പരിധിയുള്ളതാണ്, അത് യന്ത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണ്. അതിൽ രണ്ടോ നാലോ റോളുവരെ കറങ്ങിക്കൊണ്ടിരിക്കും. ഇത് അനാദിയും അവിനാശിയുമായ ഒരേ ഒരു പരിധിയില്ലാത്ത നാടകമാണ്. ഇതിൽ എത്ര ചെറിയ ആത്മാവാണ് ഒരു പാർട്ട് അഭിനയിച്ച ശേഷം പിന്നീട് അടുത്ത ശരീരമെടുത്ത് പാർട്ട് അഭിനയിക്കുന്നത്. 84 ജന്മങ്ങളുടേത് എത്ര വലിയ ഫിലിം റോളായിരിക്കും. ഇത് പ്രകൃതിയുടെ അത്ഭുതമാണ്. ചിലരുടെ ബുദ്ധിയിലേ ഇരിക്കൂ! ഇത് റെക്കോർഡ് പോലെയാണ്, വളരെ അത്ഭുതകരമാണ്. 84 ലക്ഷമുണ്ടാവുക സാധ്യമല്ല. 84 ന്റെ ചക്രം തന്നെയാണ് പക്ഷേ ഇതിന്റെ പരിചയം എങ്ങനെ നൽകും. പത്രപ്രവർത്തകർക്ക് മനസ്സിലാക്കിക്കൊടുത്താലും അവർ പത്രത്തിലിടും. മാസികകളിലും ഇടയ്ക്കിടയ്ക്ക് ഇടാവുന്നതാണ്. നമ്മൾ ഈ സംഗമസമയത്തിന്റെ കാര്യം തന്നെയാണ് പറയുന്നത്. സത്യയുഗത്തിൽ ഈ കാര്യങ്ങളൊന്നും ഉണ്ടാകില്ല. കലിയുഗത്തിലും ഉണ്ടാകില്ല. മൃഗങ്ങൾ ഉൾപ്പെടെ സർവ്വതിനെയും 5000 വർഷങ്ങൾക്കുശേഷം വീണ്ടും കാണപ്പെടും. ഒരു വ്യത്യാസവും ഉണ്ടാകില്ല. ഡ്രാമയിൽ എല്ലാം അടങ്ങിയിട്ടുണ്ട്. സത്യയുഗത്തിലുള്ള മൃഗങ്ങൾ പോലും വളരെ സുന്ദരമായിരിക്കും. ഈ മുഴുവൻ വിശ്വത്തിന്റേയും ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. ഡ്രാമ ഷൂട്ട് ചെയ്തിട്ടുള്ളതു പോലെ വീണ്ടും ആവർത്തിക്കുന്നു. ഈച്ച പറന്നക്കുന്നത് പെട്ടാൽ അതും ഷൂട്ട് ചെയ്യപ്പെടും പിന്നീട് ആവർത്തിക്കപ്പെടും. ഇപ്പോൾ നമുക്ക് ഈ ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ചൊന്നും ചിന്തിക്കേണ്ടതായ ആവശ്യമില്ല. ഏറ്റവുമാദ്യം സ്വയം ബാബ പറയുന്നു ഞാൻ കല്പ കല്പത്തിലെ സംഗമയുഗത്തിൽ ഈ ഭാഗ്യശാലീ രഥത്തിലാണ് വരുന്നത്. ഇത്രയും ചെറിയ ബിന്ദുവായ ആത്മാവ് ഈ ശരീരത്തിലേയ്ക്ക് എങ്ങനെ പ്രവേശിക്കുന്നു എന്നതിനെക്കുറിച്ച് പറഞ്ഞു തന്നിട്ടുണ്ട്. ബാബയെ ജ്ഞാനസാഗരൻ എന്നും വിളിക്കുന്നു. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികളിലും ആരാണോ വിവേകശാലികൾ അവർക്കേ മനസ്സിലാക്കാൻ സാധിക്കൂ. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ഞാൻ വരുന്നുണ്ട്. ഇത് എത്ര മൂല്യമുള്ള പഠിപ്പാണ്. ബാബയിലുള്ള കൃത്യമായ ജ്ഞാനമാണ് കുട്ടികൾക്ക് നൽകുന്നത്. നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ നിങ്ങൾ ഉടനെ പറയണം സത്യയുഗത്തിന്റെ ആയുസ്സ് 1250 വർഷമാണ്, അതിലെ ഓരോരോ ജന്മത്തിലും 150 വയസ്സ് ആയുസ്സുണ്ടാകും, അതിൽ ഇത്ര പാർട്ട് അഭിനയിക്കുന്നു. ബുദ്ധിയിൽ മുഴുവൻ ചക്രവും കറങ്ങുന്നു. നമ്മൾ 84 ജന്മങ്ങളാണ് എടുക്കുന്നത്. മുഴുവൻ സൃഷ്ടിയും ചക്രം പോലെ കറങ്ങിക്കൊണ്ടിരിക്കും. ഇത് പൂർവ്വ നിശ്ചിതമായ അനാദി അവിനാശി ഡ്രാമയാണ്. ഇതിൽ പുതിയത് കൂട്ടിച്ചേർക്കാൻ സാധിക്കില്ല. സംഭവിക്കാത്ത കാര്യത്തെക്കുറിച്ച് എന്തിന് ചിന്തിക്കണം! എന്ന് പറയാറുണ്ട്. ഡ്രാമയിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളാണ് സംഭവിക്കുന്നത്. അതിനെയെല്ലാം സാക്ഷിയായി നോക്കിക്കാണണം. മറ്റു നാടകത്തിൽ എന്തെങ്കിലും ദുഃഖിപ്പിക്കുന്ന ദൃശ്യം കണ്ടാൽ ദുർബ്ബലഹൃദയമുള്ളവർ കരയുന്നു. അത് സാധാരണ ഒരു നാടകമല്ലേ. എന്നാൽ ഇത് യഥാർത്ഥമാണ്, ഈ നാടകത്തിൽ ഓരോ ആത്മാവും അവരവരുടേതായ പാർട്ട് അഭിനയിക്കുന്നു. ഡ്രാമ ഒരിയ്ക്കലും അവസാനിക്കുന്നില്ല. ഇതിൽ കരയുകയോ പിണങ്ങുകയോ ചെയ്യേണ്ട ആവശ്യമില്ല. ഒന്നും പുതിയ കാര്യമല്ലല്ലോ. ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ തിരിച്ചറിയാത്തവരാണ് വിഷമിക്കുന്നത്. ഈ സമയത്ത് ഈ ജ്ഞാനത്തിലൂടെ നമ്മൾ എന്ത് പദവിയാണോ നേടുന്നത്, ചക്രം കറങ്ങി വീണ്ടും ഇതു തന്നെ നേടുമെന്നുള്ളത് നിങ്ങൾക്കറിയാം. ഇതെല്ലാം വളരെ ആശ്ചര്യത്തോടെ വിചാരസാഗര മഥനം ചെയ്യേണ്ട കാര്യങ്ങളാണ്. ഒരു മനുഷ്യനും ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ഋഷി മുനിമാരും പറയുമായിരുന്നു– ഞങ്ങൾക്ക് രചയിതാവിനേയും രചനയേയും അറിയുകയില്ല. രചയിതാവ് ഇത്രയും ചെറിയ ബിന്ദുവാണെന്ന് അവർക്ക് എങ്ങനെ അറിയും. ബാബ തന്നെയാണ് പുതിയ സൃഷ്ടിയുടെ രചയിതാവ്. ഒപ്പം നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്ന ജ്ഞാനസാഗരനുമാണ്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളേ മനസ്സിലാക്കൂ. ഞങ്ങൾക്ക് അറിയില്ല എന്ന് ഇനി നിങ്ങൾ പറയില്ല. നിങ്ങൾക്ക് അച്ഛൻ ഈ സമയത്ത് എല്ലാം മനസ്സിലാക്കിത്തരുകയാണ്.

നിങ്ങൾക്ക് ഒരു കാര്യത്തിലും വിഷമിക്കേണ്ട ആവശ്യമില്ല. സദാ ഹർഷിതമായിരിക്കണം. മറ്റു നാടകത്തിലെ ഫിലിം പോകെപ്പോകെ മാഞ്ഞുപോകുന്നു, പഴയതായി മാറിയാൽ പിന്നീട് അതിനെ മാറ്റിയിടുന്നു. പഴയതിനെ നശിപ്പിച്ചുകളയുന്നു. ഇത് പരിധിയില്ലാത്ത അവിനാശിയായ നാടകമാണ്. ഇങ്ങനെയുള്ള കാര്യങ്ങളെ വിചാരസാഗര മഥനം ചെയ്ത് പക്കയാക്കണം. ഇത് ഡ്രാമയാണ്. നമ്മൾ അച്ഛന്റെ ശ്രീമതത്തിലൂടെ പതിതത്തിൽ നിന്ന് പാവനമാവുകയാണ് ബാക്കി മറ്റൊരു തരത്തിലും നമുക്ക് പതിതത്തിൽ നിന്ന് പാവനം അഥവാ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകാൻ സാധിക്കില്ല. പാർട്ട് അഭിനയിച്ച്–അഭിനയിച്ച് നമ്മൾ സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമായിരിക്കുന്നു ഇനി വീണ്ടും സതോപ്രധാനമായി മാറണം. ആത്മാവിനും വിനാശം സംഭവിക്കില്ല അതുപോലെ അതിൽ അടങ്ങിയിരിക്കുന്ന പാർട്ടിനും വിനാശം സംഭവിക്കില്ല. ഇങ്ങനെയുള്ള കാര്യങ്ങളിലേയ്ക്ക് ആരുടേയും ചിന്ത പോകുന്നില്ല. മനുഷ്യരാണെങ്കിൽ ഈ ജ്ഞാനം കേട്ട് അത്ഭുതപ്പെടുന്നു. അവർ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ മാത്രമാണ് പഠിക്കുന്നത്. രാമായണം, ഭാഗവതം, ഗീത എല്ലാം അതുതന്നെയാണ്. ഇതിനെക്കുറിച്ച് നിങ്ങൾ വിചാരസാഗര

മഥനം ചെയ്യണം. പരിധിയില്ലാത്ത അച്ഛൻ മനസ്സിലാക്കിത്തരുന്നത് അതുപോലെത്തന്നെ ധാരണ ചെയ്യുകയാണെങ്കിൽ നല്ല പദവി നേടാം. എല്ലാവരും ഒരുപോലെ ധാരണ ചെയ്യുകയില്ല. ചിലർ വളരെ സൂക്ഷ്മതയോടെ മനസ്സിലാക്കിക്കൊടുക്കും. ഇന്നുകാലങ്ങളിൽ ജയിലിലും പ്രഭാഷണം ചെയ്യാൻ പോകുന്നുണ്ട്. വേശ്യകളുടെ അടുത്തേയ്ക്കും പോകുന്നുണ്ട്, ബധിരരും മൂകരും എല്ലാവരുടേയും അടുത്തേയ്ക്ക് കുട്ടികൾ പോകുന്നുണ്ടാകും എന്തെന്നാൽ അവർക്കും അവകാശമുണ്ട്. ആംഗ്യ ഭാഷയിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. മനസ്സിലാക്കുന്നത് ഉള്ളിലിരിക്കുന്ന ആത്മാവാണല്ലോ. ചിത്രം മുന്നിൽ വെയ്ക്കൂ, വായിക്കുകയെങ്കിലും ചെയ്യാമല്ലോ. ആത്മാവിലാണല്ലോ ബുദ്ധിയുള്ളത്. അന്ധരോ വികലാംഗരോ ആരായാലും ഏതെങ്കിലും പ്രകാരത്തിൽ മനസ്സിലാക്കാൻ സാധിക്കുമല്ലോ. അന്ധനാണെങ്കിലും കേൾക്കാൻ ചെവികളുണ്ടല്ലോ. നിങ്ങളുടെ ഏണിപ്പടിയുടെ ചിത്രം വളരെ നല്ലതാണ്. ഈ ജ്ഞാനം ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുത്ത് അവരെ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിന് യോഗ്യരാക്കി മാറ്റാൻ സാധിക്കും. ആത്മാവ് അച്ഛനിലൂടെയാണ് സമ്പത്തെടുക്കുന്നത്. വികലാംഗരാണെങ്കിലും സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ കഴിയും. അവിടെ അംഗവൈകല്യമുള്ളവർ ഉണ്ടാകില്ല. അവിടെ ആത്മാവും ശരീരവും രണ്ടും സ്വർണ്ണ സമാനമായിരിക്കും. പ്രകൃതിയും സതോപ്രധാനമായിരിക്കും, പുതിയ വസ്തുക്കൾ തീർച്ചയായും സതോപ്രധാനമായിരിക്കുമല്ലോ. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഒരു സെക്കന്റ് പോലും മറ്റൊന്നുമായി സാമ്യമുണ്ടാകില്ല. എന്തെങ്കിലുമൊക്കെ വ്യത്യാസം ഉണ്ടായിരിക്കും. ഇങ്ങനെയുള്ള ഡ്രാമയെ അതേ രീതിയിൽ സാക്ഷിയായി കണ്ടുകൊണ്ടിരിക്കണം. ഈ ജ്ഞാനം നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത് പിന്നീടൊരിക്കലും ലഭിക്കുകയില്ല. ഇതിനുമുമ്പ് ഈ ജ്ഞാനം ഉണ്ടായിരുന്നില്ല, ഇതിനെയാണ് പൂർവ്വ നിശ്ചിതമായ അനാദി അവിനാശി ഡ്രാമ എന്ന് പറയുന്നത്. ഇതിനെ നല്ലരീതിയിൽ മനസ്സിലാക്കി ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കണം.

നിങ്ങൾ ബ്രാഹ്മണരിലേ ഈ ജ്ഞാനമുള്ളൂ. നിങ്ങൾക്ക് ശക്തി വർദ്ധിപ്പിക്കുന്നതിനുള്ള മരുന്നാണ് ലഭിക്കുന്നത്. നല്ലതിലും നല്ല വസ്തുക്കളുടെ മഹിമ ചെയ്യുന്നു. പുതിയ ലോകം എങ്ങനെ സ്ഥാപിക്കപ്പെടുന്നു, വീണ്ടും ഈ രാജ്യം എങ്ങനെയുണ്ടാകും എന്നതിനെക്കുറിച്ച് നിങ്ങളിലും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ആർക്കാണോ അറിയുന്നത്, അവർക്ക് ഈ ജ്ഞാനത്തെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനും സാധിക്കും. വളരെ അധികം സന്തോഷം ഉണ്ടാകും. ചിലർക്കാണെങ്കിൽ ഇവിടെ അണാ പൈസയുടെ പോലും സന്തോഷമില്ല. എല്ലാവർക്കും അവരവരുടേതായ പാർട്ടുണ്ട്. ആരുടെ ബുദ്ധിയിലാണോ ഈ ജ്ഞാനം നിലനിൽക്കുന്നത്, അവർ വിചാര സാഗര മഥനം ചെയ്യുകയും, തീർച്ചയായും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഈ പഠിപ്പിലൂടെയാണ് നിങ്ങൾ ദേവതയായി മാറുന്നത്. താങ്കൾ ആത്മാവാണെന്നുള്ള കാര്യം നിങ്ങൾ ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കൂ. ആത്മാവ് തന്നെയാണ് പരമാത്മാവിനെ ഓർമ്മിക്കുന്നത്. ആത്മാക്കളെല്ലാവരും സഹോദരങ്ങളാണ്. ഈശ്വരൻ ഒന്നേയുള്ളു എന്ന് പറയാറുണ്ട്. ബാക്കി എല്ലാവരും മനുഷ്യാത്മാക്കളാണ്. സർവ്വാത്മാക്കളുടേയും പാരലൗകിക പിതാവ് ഒരേയൊരാളാണ്. ആരാണോ പക്കാ നിശ്ചയബുദ്ധിയായ കുട്ടികൾ അവരുടെ തല കേടുവരുത്താൻ ആർക്കും സാധിക്കില്ല. പക്കയല്ലെങ്കിൽ വേഗം ബുദ്ധി തിരിയും. സർവ്വവ്യാപി എന്ന കാര്യത്തിൽ എത്രത്തോളം വാദിക്കുന്നു. അവർ നമ്മുടെ ജ്ഞാനത്തിലുള്ളവരല്ല എന്നാലും അവർ അവരുടെ ജ്ഞാനത്തിൽ പക്കയാണ്. അവരെ ദേവതാ ധർമ്മത്തിലുള്ളവർ എന്ന് എങ്ങനെ പറയാൻ കഴിയും. ആദി സനാതന ദേവീ ദേവതാ ധർമ്മമാണെങ്കിൽ പ്രായലോപമായിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുടെ ആദി സനാതന ധർമ്മം പവിത്ര പ്രവൃത്തീമാർഗ്ഗത്തിലുള്ളവരുടേതായിരുന്നു. ഇപ്പോൾ അപവിത്രമായിരിക്കുന്നു. ആരാണോ ആദ്യം പൂജ്യരായിരുന്നത് അവർ പിന്നീട് പൂജാരികളായി. വളരെ അധികം പോയിന്റുകൾ മനനം ചെയ്താൽ മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കും. ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് ബാബ നിങ്ങൾക്ക് മനസ്സിലാക്കി തന്നു. ഇനി നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങളിലും നമ്പർവൈസാണ്.
ബാബയ്ക്ക് ഇടയ്ക്കിടെ പോയിന്റുകൾ ആവർത്തിക്കേണ്ടി വരുന്നുണ്ട് എന്തുകൊണ്ടെന്നാൽ പുതിയവർ വന്നുകൊണ്ടിരിക്കുന്നുണ്ട്. ആരംഭത്തിൽ എങ്ങനെയാണ് സ്ഥാപനയുണ്ടായത് എന്ന് നിങ്ങളോട് ആരെങ്കിലും ചോദിക്കുമ്പോൾ നിങ്ങൾക്കും ആവർത്തിക്കേണ്ടതായിവരും. നിങ്ങൾ വളരെ ബിസിയായിരിക്കും. ചിത്രം ഉപയോഗിച്ചും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. എന്നാൽ ജ്ഞാനത്തിന്റെ ധാരണ എല്ലാവരിലും ഏകരസമായിരിക്കില്ല. ഇവിടെ ജ്ഞാനം വേണം, ഓർമ്മ വേണം, ധാരണയും വളരെ നല്ല രീതിയിൽ ഉണ്ടാവണം. സതോപ്രധാനമായി മാറുന്നതിന് തീർച്ചയായും അച്ഛനെ ഓർമ്മിക്കണം. ചില കുട്ടികൾ അവനവന്റെ ജോലികളിൽ കുടുങ്ങിയിരിക്കുന്നു. പുരുഷാർത്ഥം ഒട്ടുംതന്നെ ചെയ്യുന്നില്ല. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. കല്പം മുമ്പ് ആര് എത്ര പുരുഷാർത്ഥം ചെയ്തുവോ അതേ ചെയ്യൂ. അവസാന സമയത്ത് നിങ്ങൾക്ക് പൂർണ്ണമായും സഹോദര ഭാവനയിൽ കഴിയണം. അശരീരിയായാണ് വന്നത്,

അശരീരിയായിത്തന്നെ തിരികെ പോവുകയും വേണം. അവസാന സമയത്ത് മറ്റാരെയും ഓർമ്മവരരുത്. ഇപ്പോൾ ആർക്കും തിരിച്ച് പോകാൻ സാധിക്കില്ല. ഏതുവരെ വിനാശം സംഭവിക്കുന്നില്ലയോ അതുവരേയ്ക്കും സ്വർഗ്ഗത്തിലേയ്ക്ക് എങ്ങനെ പോകാൻ കഴിയും. ഒന്നുകിൽ സൂക്ഷ്മവതനത്തിൽ പോയിരിക്കും അല്ലെങ്കിൽ ഇവിടെത്തന്നെ വീണ്ടും ജന്മമെടുക്കും. സമ്പൂർണ്ണമാകുന്നതിന് ബാക്കി ഇനി എന്തിന്റെ കുറവാണോ ഉള്ളത് അതിനായുള്ള പുരുഷാർത്ഥം അവസാന ജന്മത്തിൽ ചെയ്യും. അതും അവർ വലുതാകുമ്പോഴേ മനസ്സിലാക്കാൻ സാധിക്കൂ. ഇതുമുഴുവനും ഡ്രാമയിലുള്ള കാര്യങ്ങളാണ്. നിങ്ങളുടെ ഏകരസ അവസ്ഥ അവസാന സമയത്തേ ഉണ്ടാകൂ. എഴുതുന്നത് കൊണ്ട് എല്ലാം ഓർമ്മയിൽ വരണമെന്നൊന്നുമില്ല. എങ്കിൽ പിന്നെ പുസ്തകശാലയിൽ എന്തിനാണ് ഇത്രയും പുസ്തകങ്ങൾ ശേഖരിച്ചുവെയ്ക്കുന്നത്. ഡോക്ടർമാരും വക്കീൽമാരും തങ്ങളുടെ പക്കൽ ധാരാളം പുസ്തകങ്ങൾ വെക്കുന്നു. പഠിച്ചുകൊണ്ടേയിരിക്കുന്നു, ആ മനുഷ്യർ മനുഷ്യരുടെ വക്കീലാകുന്നു. നിങ്ങൾ ആത്മാക്കൾ ആത്മാക്കളുടെ വക്കീലാകുന്നു. ആത്മാക്കൾ ആത്മാക്കളെ പഠിപ്പിക്കുന്നു. അത് ഭൗതീക പഠിപ്പാണ്. ഇതാണ് ആത്മീയ പഠിപ്പ്. ഈ പഠിപ്പിലൂടെ നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് തെറ്റുകുറ്റങ്ങളിൽ നിന്നും മുക്തരായി മാറും. മായയുടെ രാജ്യത്തിൽ വളരെ അധികം തെറ്റുകളും കുറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു, അതിനാൽ ധാരാളം സഹിക്കേണ്ടതായി വരുന്നു. ആരാണോ പൂർണ്ണമായും പഠിക്കാതിരിക്കുന്നത്, കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാതിരിക്കുന്നത് അവർക്ക് തീർച്ചയായും സഹിക്കേണ്ടതായി വരിക തന്നെ ചെയ്യും. പിന്നീട് പദവിയും കുറഞ്ഞുപോകും. വിചാര സാഗര മഥനം ചെയ്ത് മറ്റുള്ളവരെ കേൾപ്പിച്ചുകൊണ്ടിരിക്കു എങ്കിൽ ചിന്തനം നടന്നുകൊണ്ടിരിക്കും. കുട്ടികൾക്ക് അറിയാം കല്പം മുമ്പും ഇങ്ങനെയൊരു അച്ഛൻ വന്നിരുന്നു, അതിനാലാണ് ശിവജയന്തി ആഘോഷിക്കുന്നത്. ബാക്കി യുദ്ധമൊന്നും തന്നെ സംഭവിച്ചിട്ടില്ല. അതെല്ലാം ശാസ്ത്രങ്ങളിലെ കാര്യങ്ങളാണ്. ഇത് പഠിപ്പാണ്. പ്രാപ്തിയിലാണ് സന്തോഷമുണ്ടാകുക. ആർക്കാണോ ലക്ഷങ്ങൾ ലഭിക്കുന്നത് അവർക്ക് സന്തോഷവും കൂടുതലായിരിക്കും. ചിലർ ലക്ഷാധിപതികളായിരിക്കും, എന്നാൽ ചിലർ കക്കകൾക്ക് അധിപതിയായിരിക്കും അതായത് കുറച്ചുമാത്രം പൈസയുള്ളവരും ഉണ്ടാകും. അതുപോലെ ആരുടെ പക്കലാണോ ഇത്രയും ജ്ഞാനരത്നങ്ങളുള്ളത് അത്രയും അവർക്ക് സന്തോഷവും ഉണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. വിചാരസാഗര മഥനം ചെയ്ത് സ്വയത്തെ ജ്ഞാനരത്നങ്ങളാൽ നിറക്കണം. ഡ്രാമയുടെ രഹസ്യത്തെ നല്ലരീതിയിൽ മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ഏതൊരു കാര്യത്തിലും വിഷമിക്കാതെ സദാ ഹർഷിതമായിരിക്കണം.

2. അവസാന സമയത്ത് ഒരേയൊരു ബാബയെ അല്ലാതെ മറ്റാരുടേയും ഓർമ്മ വരാതിരിക്കാൻ തന്റെ അവസ്ഥ വളരെക്കാലത്തേയ്ക്ക് ഏകരസമാക്കി മാറ്റണം. നമ്മൾ സഹോദരങ്ങളാണ്, ഇപ്പോൾ തിരിച്ചു പോകണം എന്ന് അഭ്യസിക്കണം.

## വരദാനം:- ആലസ്യത്തിന്റെ തരംഗങ്ങൾക്ക് വിട നൽകി സദാ ഉന്മേഷ-ഉത്സാഹത്തിലിരിക്കുന്ന വിവേകശാലി ആത്മാവായി ഭവിക്കട്ടെ

പല കുട്ടികളും മറ്റുള്ളവരെ കണ്ട് സ്വയം അലസരായിപ്പോകുന്നു. ചിന്തിക്കുന്നു- ഇത് നടക്കുകതന്നെ ചെയ്യും... നടന്നുകൊണ്ടേയിരിക്കും... എന്താ ഒരാൾ ഇങ്ങനെ ഇടറിപ്പോയാൽ അയാളെക്കണ്ട് സ്വയം തന്നെ ഇടറിപ്പോകുക- ഇത് വിവേകമാണോ? ബാപ്ദാദക്ക് ദയ തോന്നുന്നു അതായത് അങ്ങനെ അലസരായിരിക്കുന്നവർക്ക് പശ്ചാത്താപത്തിന്റെ നിമിഷങ്ങൾ എത്ര കഠിനമായിരിക്കും, അതിനാൽ വിവേകശാലികളായി മാറി അലസതയുടെ തരംഗങ്ങൾക്ക്, മറ്റുള്ളവരെ നോക്കുന്ന തരംഗങ്ങൾക്ക് മനസ്സ് കൊണ്ട് വിട നൽകൂ. മറ്റുള്ളവരെ നോക്കാതെ ബാബയെ നോക്കൂ.

## സ്ലോഗൻ:-അവകാശീ ക്വാളിറ്റിയുള്ളവരെ തയ്യാറാക്കൂ അപ്പോൾ പ്രത്യക്ഷതയുടെ പെരുമ്പറ മുഴങ്ങും.